**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4854** **20-07-2022 - ൽ മറുപടിയ്ക്ക്**

**മലബാറിലെ വിനോദ സഞ്ചാര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എ. രാജ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിദേശത്ത് നിന്നും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളിൽ ഭൂരിപക്ഷവും എറണാകുളം, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലേക്ക് മാത്രമാണ് എത്തുന്നത് എന്നതിനാൽ മറ്റ് പ്രദേശങ്ങളിലെ ടൂറിസം വിപണന സാധ്യത വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; | (എ) | കേരളത്തിലെ ടൂറിസം മേഖലയെ ഒന്നായി കണ്ടാണ് കേരള ടൂറിസം വകുപ്പ് പ്രചരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. സഞ്ചാരികളെ ആകർഷിക്കുന്ന ഓരോ മേഖലയിലെയും ടൂറിസം ആകർഷണങ്ങൾ, പ്രാദേശികമായ ഉത്സവങ്ങൾ, പൈതൃക സ്മാരകങ്ങൾ, ആചാര അനുഷ്ഠാനങ്ങൾ തുടങ്ങിയവ ടൂറിസം വകുപ്പിന്റെ പ്രചരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. മലബാർ മേഖലയുടെ ടൂറിസം വിപണനം വിപുലീകരണത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളാണ് ഫാം ടു മലബാർ 500, മലബാർ റിവർ ക്രൂയിസ് തുടങ്ങിയവ.<br><br>2022 കലണ്ടർ വർഷത്തിലെ ആദ്യ പാദത്തിലെ സ്ഥിതി വിവര കണക്കുകൾ (ജനുവരി മുതൽ മാർച്ച് വരെ) വിശകലനം ചെയ്യുമ്പോൾ മലപ്പുറം, വയനാട്, കാസർഗോഡ്, പത്തനംതിട്ട, എന്നീ ജില്ലകളിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവിൽ കേരള സംസ്ഥാനം രൂപം കൊണ്ടതിന് ശേഷമുള്ള സർവ്വകാല റെക്കോർഡാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | മലബാർ പ്രദേശത്തെ വിനോദ സഞ്ചാരത്തിന്റെ സാധ്യത പ്രചരിപ്പിക്കുന്നതിന് ആരംഭിച്ചിട്ടുള്ള ഫാം 2 മലബാർ 500 പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (ബി) | മലബാറിന്റെ വിനോദസഞ്ചാര സാധ്യത പുറംലോകത്ത് പ്രചരിപ്പിക്കുന്നതിനും മലബാറിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ഫാം ടു മലബാർ 500. ഇതനുസരിച്ച് ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരെ ക്ഷണിച്ച് കൊണ്ടുവന്ന് മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരം ഒരുക്കുകയും അതുവഴി കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുകയും ആണ് പദ്ധതി കൊണ്ട് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. ഈ വർഷം 500 ടൂർ ഓപ്പറേറ്റർമാരെ മലബാറിലേക്ക് കൊണ്ടുവരിക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മലബാർ ചേമ്പർ ഓഫ് കൊമേഴ്സും ടൂറിസം വകുപ്പും സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കിയത്. ഈ വർഷം ആദ്യ പാദത്തിലെ കണക്ക് എടുത്തപ്പോൾ മലബാറിലേക്ക് മുൻവർഷത്തെ ആപേക്ഷിച്ച് സഞ്ചാരികളുടെ വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത്തരം പദ്ധതികളുടേയും കൂടി ഫലമായിട്ടാണ് മലബാറിലേക്കുള്ള സഞ്ചാരികളുടെ വരവിൽ വർദ്ധനവ് വന്നിട്ടുള്ളത്. |
| (സി) | മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിക്ക് പ്രാരംഭം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഫണ്ട് മുഖാന്തിരം ടൂറിസം വകുപ്പിൽ നിന്നും ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 17 ബോട്ട് ടെർമിനൽ/ ജെട്ടിയുടെ പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെ പറയുന്നു.<br><br>1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.<br>2. പറശ്ശനിക്കടവ് ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.<br>3. ധർമ്മടം ബോട്ട് ടെർമിനൽ - 89% പ്രവൃത്തി പൂർത്തീകരിച്ചു.<br>4. ചേരിക്കൽ ബോട്ട് ടെർമിനൽ - 99 % പ്രവൃത്തി പൂർത്തീകരിച്ചു .<br>5. പാറപ്രം ബോട്ട് ടെർമിനൽ - 91% പ്രവൃത്തി പൂർത്തീകരിച്ചു.<br>6. മമ്പറം ബോട്ട് ജെട്ടി - 91% പ്രവൃത്തി പൂർത്തീകരിച്ചു.<br>7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു<br>8. മോന്താൽ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു.<br>9. കരിയാട് ബോട്ട് ടെർമിനൽ - 92% പ്രവൃത്തി പൂർത്തീകരിച്ചു.<br>10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.<br>11. പാത്തിക്കൽ ബോട്ട് ജെട്ടി - 92% പ്രവൃത്തി പൂർത്തീകരിച്ചു<br>12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 97% പ്രവൃത്തി പൂർത്തീകരിച്ചു<br>13. പുന്നക്കടവ് ബോട്ട് ജെട്ടി - 98% പ്രവൃത്തി പൂർത്തീകരിച്ചു<br>14. മുക്കവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു. |

15. കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ – 95% പൂർത്തീകരിച്ചു.
16. മാവിലകടപ്പുറം ബോട്ട് ടെർമിനൽ – പൂർത്തീകരിച്ചു.
17. മാടക്കാൽ ബോട്ട് ടെർമിനൽ - പൂർത്തീകരിച്ചു.

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടന്നു വരുന്ന ബോട്ട് ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്

1. മൈനർ ബോട്ട് ടെർമിനൽ മടക്കര - 62% പ്രവൃത്തി പൂർത്തീകരിച്ചു
2. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആക്സസ് ബ്രിഡ്ജ് നിർമ്മാണം ഇൻലാൻഡ് നാവിഗേഷൻ നടപ്പിലാക്കേണ്ടതുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കിയാൽ മാത്രമേ ബോട്ട് ജെട്ടിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയൂ.
3. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 90% പ്രവൃത്തി പൂർത്തീകരിച്ചു
4. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - 50% പ്രവൃത്തി പൂർത്തീകരിച്ചു
5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - 3% പ്രവൃത്തി പൂർത്തീകരിച്ചു
6. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 83% പ്രവൃത്തി പൂർത്തീകരിച്ചു
7. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 90% പ്രവൃത്തി പൂർത്തീകരിച്ചു
8. പട്ടുവം മേജർ ബോട്ട് ടെർമിനൽ - 97% പ്രവൃത്തി പൂർത്തീകരിച്ചു
9. കുപ്പം മേജർ ബോട്ട് ടെർമിനൽ - 92% പ്രവൃത്തി പൂർത്തീകരിച്ചു
10. നാറാത്ത് ബോട്ട് ജെട്ടി - 72% പ്രവൃത്തി പൂർത്തീകരിച്ചു
11. വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 90% പ്രവൃത്തി പൂർത്തീകരിച്ചു
12. മുഴുകട ബോട്ട് ജെട്ടി - 87% പ്രവൃത്തി പൂർത്തീകരിച്ചു
13. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 79% പ്രവൃത്തി പൂർത്തീകരിച്ചു
14. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 84% പ്രവൃത്തി പൂർത്തീകരിച്ചു

15. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 81% പ്രവൃത്തി പൂർത്തീകരിച്ചു
16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി - പാറയായതിനാൽ പൈലിങ് വർക്കുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഫൗണ്ടേഷൻ റീ-ഡിസൈനിങ് നടത്തുന്നതിനുള്ള നടപടി ഇൻലാൻഡ് നാവിഗേഷൻ സ്വീകരിച്ചുവരുന്നു.
17. താവം ബോട്ട് ജെട്ടി - 85% പ്രവൃത്തി പൂർത്തീകരിച്ചു
18. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 85% പ്രവൃത്തി പൂർത്തീകരിച്ചു.
19. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 78% പ്രവൃത്തി പൂർത്തീകരിച്ചു
20. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 78% പ്രവൃത്തി പൂർത്തീകരിച്ചു
21. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 95% പ്രവൃത്തി പൂർത്തീകരിച്ചു
22. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - 50% പ്രവൃത്തി പൂർത്തീകരിച്ചു
23. എ. കെ. ജി. ഐലന്റ് ബോട്ട് ജെട്ടി (Type A) - റീടെണ്ടറിങ് സ്റ്റേജിലാണ്
24. എ. കെ. ജി ഐലന്റ് ബോട്ട് ജെട്ടി (Type C) - റീടെണ്ടറിങ് സ്റ്റേജിലാണ്
25. സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിങ് സ്റ്റേജിലാണ്
26. കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിങ് സ്റ്റേജിലാണ്
27. ഭഗത് സിങ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) - റീടെണ്ടറിങ് സ്റ്റേജിലാണ്

ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി M/s KEL മുഖാന്തിരം ചെയ്യുന്ന ബോട്ട് ജെട്ടിയോട് അനുബന്ധമായുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ പുരോഗതി താഴെ പറയും പ്രകാരമാണ്.

**<u>തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ,</u>**

- മലപ്പട്ടം - മുനമ്പുകടവ് ഭാഗത്ത് ആർട്ടിസാൻസ് ആല – 3 എണ്ണം കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു., ഗസീബോ - 1 എണ്ണം പൂർത്തിയായി. 2 എണ്ണം അവശേഷിക്കുന്നു.

ടോയ്‌ലറ് ബ്ലോക്ക് - കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ അവശേഷിക്കുന്നു. ആംഗ്ലിങ് യാർഡ് - സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായി. ഫിനിഷിങ് വർക്കുകൾ അവശേഷിക്കുന്നു. വേസ്റ്റ് ബിൻ - പൂർത്തീകരിച്ചു. ഗ്രാനൈറ് പേവിങ് - ഗ്രൗണ്ട് ലെവെലിങ് പുരോഗമിക്കുന്നു. റെയിൻ ഷെൽട്ടർ - ആരംഭിച്ചിട്ടില്ല.

- പറശ്ശിനിക്കടവ് വെനീസ് ഫ്ളോട്ടിങ് മാർക്കറ്റ് - ടെണ്ടറിങ് പൂർത്തീകരിച്ചു. മറ്റു പ്രവൃത്തികൾക്ക് CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.
- മലപ്പട്ടം - കോവുന്തല ഭാഗത്ത് ഫുഡ് കോർട്ട്, – 1 എണ്ണം കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പുരോഗമിക്കുന്നു., ഗസീബോ - 1 എണ്ണം പൂർത്തിയായി. 21 എണ്ണം അവശേഷിക്കുന്നു. ടോയ്‌ലറ് ബ്ലോക്ക് - കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലക്ട്രിഫിക്കേഷൻ വർക്കുകൾ അവശേഷിക്കുന്നു.
- ആംഗ്ലിങ് യാർഡ് - സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായി. ഫിനിഷിങ് വർക്കുകൾ അവശേഷിക്കുന്നു. വേസ്റ്റ് ബിൻ - പൂർത്തീകരിച്ചു. ഗ്രാനൈറ് പേവിങ് - ഗ്രൗണ്ട് ലെവെലിങ് പുരോഗമിക്കുന്നു. റെയിൻ ഷെൽട്ടർ - ആരംഭിച്ചിട്ടില്ല. മറ്റു പ്രവൃത്തികൾക്ക് CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

**കല്യാശേരി നിയോജക മണ്ഡലത്തിൽ,**

- പട്ടുവം മംഗലശേരിയിൽ - ബോട്ട് റേസ് ഗാലറി - വർക്ക് ടെണ്ടറിങ് പൂർത്തീകരിച്ചു. പാർക്കിങ് യാർഡ് , ഏറുമാടം - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.
- പട്ടുവം മുതുകുടയിൽ - ഏറുമാടം - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.
- ഏഴോം കൊട്ടക്കീൽ - ഏറുമാടം, ഫുഡ് കോർട്ട് - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

| | | | |
|---|---|---|---|
| | | | • പഴയങ്ങാടി - ബോട്ട് റേസ് ഗാലറി, ഫ്ലോട്ടിങ് റെസ്റ്റോറന്റ് എന്നിവ ടെണ്ടർ പൂർത്തീകരിച്ചു. ഓപ്പൺ എയർ തീയറ്റർ , ബയോ ടോയ്‌ലറ്റ് - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br>• തെക്കുമ്പാട് - മഡ് വാൾ മ്യൂസിയം, റിനോവേഷൻ ഓഫ് തിരുമുറ്റം, കിയോസ്ക്സ്, ആംഗ്ലിങ് യാർഡ്, ആർട്ടിസാൻസ് ആല, നടപ്പാത, ഓപ്പൺ എയർ തിയേറ്റർ, പാർക്കിങ് ഏരിയ, ബയോ ടോയ്‌ലറ്റ്, സോളാർ വിളക്കുകൾ എന്നിവ - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br><br>**<u>അഴീക്കോട് നിയോജക മണ്ഡലത്തിൽ,</u>**<br><br>• പാപ്പിനിശ്ശേരിയിൽ ആർട്ടിസാൻസ് ആല - ടൈപ്പ് 1 & 2 - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br>• ഭഗത് സിങ് ഐലൻഡിൽ - ബയോ ടോയിലറ്റ്, ഗാർഡൻ ലൈറ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ യൂണിറ്റ് - എന്നിവ - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br>• വളപ്പട്ടണത്ത് - ആർട്ടിസാൻസ് ആല, പാർക്കിങ് യാർഡ്, - എന്നിവ - CRZ Clearance ലഭിക്കേണ്ടതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല. വളപ്പട്ടണം വെനീസ് ഫ്‌ളോട്ടിങ് മാർക്കറ്റ് – ടെണ്ടറിങ് പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ